ടെക്നിക്കൽവിഭാഗത്തിൽപ്പെട്ടവർ ഫാക്കറി ആക്റ്റിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയരാണ്. അതനുസരിച്ചാണ് സമയം ക്രിപ്പപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഗവണ്മെന്റ് പ്രസ്സുകളിലെ ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ജോലി ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം, അവർ ഫാക്കറി ആക്റ്റിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയരായതുകൊണ്ട് സമയം മാറ്റുന്നകാര്യം സാദ്ധ്യമല്ല.

ജൂനിയർ ടെക്നിക്ക് സ്കൂളുകൾ

298. [33] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാര്യമേഖലയിൽ ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ അനുവദിക്കുമോ ;

(ബി) ടി സ്കൂളുകൾക്ക് ഗവണ്മെന്റിൽനിന്നും എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുമോ ;

(സി) ഉണ്ടെങ്കിൽ അവ എന്തെല്ലാം ?

ഉത്തരം.

(എ) ഇപ്പോൾ പൊതുമേഖലയിൽ ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ ആരംഭിച്ചിരിക്കുന്നത് ഇൻഡ്യാ ഗവണ്മെന്റിന്റെ പദ്ധതി അനുസരിച്ചാണ്. സഹകാര്യമേഖലയിൽ ഈ സ്കൂളുകൾ തുടങ്ങുന്ന കാര്യം ഇൻഡ്യാഗവണ്മെന്റ് പരിഗണിച്ചുകാണുന്നില്ല.

(ബി ആൻഡ് സി) "എ" യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ADJOURNMENT MOTION

Necessity to ensure free and fair elections to the Panchayats.

9 A. M.] **Mr. Speaker:** Order, order. Question hour is over. I have received notice of a motion for adjournment of the business of the Assembly for the purpose of discussing a definite matter of urgent public importance, i. e., regarding the ensuing Panchayat Elections, from Shri E. P. Gopalan. Almost an identical motion from Shri N. E. Balaram has also been received. I would call upon the concerned Minister to give the facts.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഒന്നരണ്ട് സ്ഥലങ്ങളിൽ പഞ്ചായത്തുതിരഞ്ഞെടുപ്പിനെസംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകളും കഴപ്പങ്ങളും, തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനു ചില തടസ്സങ്ങളും നേരിട്ടുവെന്നുള്ളതാണ് ഇവിടെ പ്രധാനമായി പറഞ്ഞത്. സാധാരണഗതിയിൽ ഈ രാജ്യത്തു തിരഞ്ഞെടുപ്പു വളരെ നീതിപൂർവ്വകമായും, സ്വതന്ത്രമായും നടത്തണമെന്നാണ് ഗവണ്മെന്റിന്റെവിചാരം. അതിനുള്ള ഏർപ്പാടുകളാണ് ഗവണ്മെന്റിൽനിന്നും ചെയ്തിട്ടുള്ളതും. ഏതെങ്കിലും സ്ഥലത്തു് ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ വല്ല ക്രമക്കേടുകളോ കഴപ്പങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ, ഇതിനുവേണ്ടി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ വിവരം അറിയിച്ചാൽ അവർ അതിനാവശ്യമായ നടപടികളെടുക്കുന്നതാണ്. വല്ല ക്രമക്കേടുകളും ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടികളും ഉദ്യോഗസ്ഥന്മാർ എടുത്തുകൊള്ളും. അതുകൊണ്ട് ഇവിടെ പറഞ്ഞവിധത്തിലുള്ള ക്രമക്കേടുകളൊന്നും ഉണ്ടാകാതെ തിരഞ്ഞെടുപ്പു നടത്താനുള്ള ഏർപ്പാടുകളും ചെയ്യാവുന്നതാണ്. അതുകൊണ്ട് ഇതിനെസംബന്ധിച്ച് ഒരു അഡ്ജോൺമെന്റ് മോഷന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. Speaker: In view of the facts stated by the Minister, I withhold my consent to the moving of the adjournment motion.

LIBRARY ARCHIVES, Kerala Legislative Assembly